# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1568 — 22-03-2013-ൽ മറുപടിക്ക്

**പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾ**

**ചോദ്യം**

ശ്രീ. കെ. രാധാകൃഷ്ണൻ

എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാർ, ഓവർസിയർമാർ തുടങ്ങിയ സാങ്കേതിക ഉദ്യോഗസ്ഥന്മാരുടെ അഭാവം കാരണം സാമ്പത്തിക വർഷം അവസാനിക്കുന്ന ഘട്ടത്തിലും പദ്ധതിപ്രവർത്തനങ്ങൾ ആരംഭിക്കുവാൻ പോലും കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) എൽ.എസ്.ജി എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ അഭാവം മുൻകൂട്ടി അറിയുവാൻ കഴിഞ്ഞിട്ടുണ്ടോ;

സി) എങ്കിൽ, അതിനനുസൃതമായ ബദൽ സംവിധാനങ്ങൾ ആലോചിക്കാൻ കഴിയാത്തതെന്താണെന്ന് പറയാമോ;

ഡി) സാങ്കേതിക ഉദ്യോഗസ്ഥരുടെ അഭാവം കൊണ്ടുമാത്രം പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾ ഒഴിവാക്കി പദ്ധതി തുക നൂറ് ശതമാനവും വിനിയോഗിക്കുവാൻ കഴിയുമെന്ന് ഉറപ്പുവരുത്തുമോ?

**ഉത്തരം**

**ശ്രീ. എം.കെ. മുനീർ,**
പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പുമന്ത്രി

എ), ബി), സി) & ഡി) ഇല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സാങ്കേതിക വിഭാഗം ജീവനക്കാരുടെ അഭാവം മുൻകൂട്ടി കണ്ട് കുറവ് ഉണ്ടാകാതിരിക്കുന്നതിനുള്ള ബദൽ സംവിധാനം എന്ന നിലയിൽ അസിസ്റ്റന്റ് എഞ്ചിനീയർമാർ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ കരാറടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരെ 20,000/- രൂപ പ്രതിമാസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനും മൂന്നാം ഗ്രേഡ് ഓവർസിയർമാരുടെ ലിസ്റ്റ് പി.എസ്.സി.യിൽ നിലവിലില്ലാത്തതിനാൽ പി.എസ്.സി.യിൽനിന്നും Non Availability Certificate ലഭ്യമാക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എസ്.സി. ലിസ്റ്റിൽ നിന്നും രണ്ടാം ഗ്രേഡ് ഓവർസീയർമാരുടെ ഒഴിവുകളിലേക്ക് നിയമനം നടത്തിവരുന്നു. ഒന്നാം ഗ്രേഡ് ഓവർസിയർമാരുടെ ഒഴിവുകളിൽ നിയമനം നടക്കാത്തതിനാൽ പി.എസ്.സി.യോട് Non Availability Certificate ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിച്ചാലുടൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇപ്രകാരം ഉദ്യോഗസ്ഥൻമാരുടെ അഭാവം പരിഹരിച്ച് പദ്ധതിവിഹിതം പൂർണ്ണമായും വിനിയോഗിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ